'കുടുംബശ്രീ' പദ്ധതിയുടെ പ്രവർത്തനം

15 (*390)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ച "കുടുംബശ്രീ" പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായിട്ടുള്ള 855 കോടി രൂപ എപ്രകാരം വിനിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിലൂടെ എത്രപേർക്ക് തൊഴിൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ഈ പദ്ധതി വഴി സർക്കാർ എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) "കുടുംബശ്രീ" പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. ഒരു വർഷത്തിനകം ഈ പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കാൻ സാധിക്കും. ഇതിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യ ലഘൂകരണത്തിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി സ്വയംതൊഴിൽ, പാർപ്പിടം, കക്കൂസുകൾ എന്നിവയുടെ നിർമ്മാണം, ഭവന വൈദ്യുതീകരണം, കുടിവെള്ള ടാപ്പുകൾ, സമൂഹ പൊതു കിണറുകൾ, ബോർവെൽ (കുഴൽ കിണറുകൾ) കൈ പമ്പുകൾ, സമൂഹ പൊതു കിണർ നന്നാക്കൽ, പുകയില്ലാത്ത അടുപ്പുകൾ നൽകൽ, സാമൂഹിക പ്രവൃത്തി കേന്ദ്രങ്ങൾ പണിയൽ, തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, ആരോഗ്യ പോഷകാഹാര വൈദ്യചികിത്സാ ക്യാമ്പുകൾ നടത്തുക എന്നീ കാര്യങ്ങൾക്കായാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള തുക ചെലവഴിക്കുന്നത്.

(സി) "കുടുംബശ്രീ" പദ്ധതിയുടെ മുഖ്യലക്ഷ്യം നേരിട്ട് തൊഴിൽ നൽകുക എന്നുള്ളതല്ല. മറിച്ച് കേരളത്തിലെ ദാരിദ്ര്യ മേഖലയിലുള്ളവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്വയംതൊഴിൽ കണ്ടെത്തുന്നതിനു സഹായിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനു പരിശീലനം നൽകുക, ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള സഹായം നൽകുക എന്നുള്ളതാണ്.

(ഡി) ദാരിദ്യം നിർമ്മാർജ്ജനം ചെയ്യാൻ താഴെ പറയുന്ന പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്.

1. കേരളത്തിലെ ക്ലേശ കുടുംബങ്ങളിലെ സ്ത്രീകളുടേതു മാത്രമായ 60,200 അയൽക്കൂട്ടങ്ങളുടെ രൂപീകരണം.

2. വാർഡുതലത്തിൽ 10,500 എ.ഡി.എസുകളുടെ രൂപീകരണം.

LIBRARY ARCHIVES Kerala Legislative Assembly

3. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിൽ 1048 സി.ഡി.എസു.കളുടെ രൂപീകരണം.

4. ദേശീയ കാർഷിക-ഗ്രാമ വികസന ബാങ്കിന്റെ ലിങ്കേജ് ബാങ്കിംങ് പദ്ധതിയുമായി ഏറ്റവും ചുരുങ്ങിയത് 20% അയൽക്കൂട്ടങ്ങളേയും ബന്ധിപ്പിക്കുക.

5. സംസ്ഥാനത്തെ വീടില്ലാത്ത എല്ലാവർക്കും അഞ്ചു വർഷത്തിനകം വീട് ലഭ്യമാക്കുക.

6. അഞ്ചുവർഷത്തിനകം എല്ലാ കുടുംബങ്ങൾക്കും തങ്ങളുടെ വാസസ്ഥലത്തിന് 300 മീറ്റർ ദൂരപരിധിയിൽ ശുദ്ധജലസൗകര്യം ലഭ്യമാക്കുക.

7. അഞ്ചുവർഷത്തിനകം സംസ്ഥാനത്ത് എല്ലാ വീടുകളിലും ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കുക.

8. ഒരു അയൽക്കൂട്ടത്തിൽ ഏറ്റവും ചുരുങ്ങിയത് ഒന്ന് എന്ന നിരക്കിൽ സ്ഥായിയായ മൈക്രോസംരംഭത്തിന്റെ രൂപീകരണം.

9. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിക്കാവശ്യമായ പ്രത്യേക പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

കശുവണ്ടി ഉൽപ്പാദനം

16 (*391)ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയെ അടിസ്ഥാനമാക്കി കേരളത്തിലെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായത്തെ നിലനിർത്തുന്ന അവസ്ഥ ഒഴിവാക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായവകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വനനശീകരണത്തിലൂടെ ഊഷരഭൂമിയായി മാറിയ വനഭൂമികൾ ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ കശുമാവ് വച്ച് പിടിപ്പിച്ച് കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാൻ വ്യവസായ വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ കേരളത്തിലെ ഒരു വർഷത്തെ കശുവണ്ടി ഉൽപ്പാദനം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി)തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവു

LIBRARY ARCHIVES Kerala Legislative Assembly